**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4817** | **20-07-2022 - ൽ മറുപടിയ്ക്ക്**

**വൈപ്പിൻ മണ്ഡലത്തിലെ കോൺവെന്റ് ബീച്ച് പാലത്തിന്റെ നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ | | ശ്രീ. പി.എ.മുഹമ്മദ് റിയാസ് (പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | വൈപ്പിൻ മണ്ഡലത്തിലെ കോൺവെന്റ് ബീച്ച് പാലത്തിന്റെ നിർമ്മാണ പുരോഗതി വ്യക്തമാക്കാമോ; | (എ) | നിലവിൽ 70% പ്രവൃത്തിയാണ് പൂർത്തീകരിച്ചിട്ടുള്ളത്. ഫൗണ്ടേഷൻ, സബ്സ്ട്രക്ചർ പ്രവർത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. സൂപ്പർ സ്ട്രക്ചർ പ്രവർത്തികൾ നടന്നുവരുന്നു. |
| (ബി) | പ്രസ്തുത പാലത്തിന്റെ സ്ഥലമെടുപ്പ് നടപടികളുടെ നിജസ്ഥിതി വ്യക്തമാക്കാമോ; സ്ഥലമേറ്റെടുക്കൽ നടപടി പൂർത്തിയായിട്ടുണ്ടോ; ഇല്ലെങ്കിൽ എന്നത്തേക്ക് പൂർത്തീകരിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ; | (ബി) | പാലത്തിന്റെ സ്ഥലമേറ്റെടുപ്പ് നടപടികൾ പൂർത്തിയായിട്ടില്ല. നിലവിൽ സ്ഥലമേറ്റെടുക്കുന്നതിനുവേണ്ടി തഹസീൽദാർ 28.01.2022-ൽ പ്രസ്തുത സ്ഥലം സന്ദർശിച്ചിരുന്നു. തഹസീൽദാർ പൊതുമരാമത്ത് ഉദ്യോഗസ്ഥരുമായുള്ള സംയുക്ത പരിശോധനയിൽ ഓരോ സർവ്വേ നമ്പറിലും (സബ് ഡിവിഷൻ ഉൾപ്പെടെ) വരുന്ന സ്ഥലത്തിന്റെ അളവ് കണ്ടെത്തി അലൈൻമെന്റ് വീണ്ടും സമർപ്പിക്കാൻ നിർദ്ദേശിച്ചിരുന്നു. ആയത് പ്രകാരം ഓരോ സർവ്വേ നമ്പറിന് കീഴിലുള്ള ഏരിയ കണ്ട് പിടിച്ച്അലൈൻമെന്റ് പുനർ സമർപ്പിച്ചിട്ടുണ്ട്. എത്രയും പെട്ടെന്ന് സ്ഥലമേറ്റെടുക്കൽ നടപടികൾ പൂർത്തീകരിച്ച് തരുന്നതിനുവേണ്ടി റവന്യൂ വകുപ്പിന് കത്ത് നൽകിയിട്ടുണ്ട്. |
| (സി) | 14-8-2021-ൽ ചേർന്ന യോഗതീരുമാനപ്രകാരം പാലത്തിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട് വീടിന് നാശനഷ്ടമുണ്ടായി എന്ന് റോക്കി എന്ന വ്യക്തിയുടെ പരാതിയിന്മേൽ തീരുമാനമെടുക്കാനായി റവന്യൂ ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തി യോഗം ചേർന്നുവോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ; പ്രസ്തുത യോഗം എന്നത്തേക്ക് ചേരാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ? | (സി) | കോൺവെന്റ് ബീച്ച് പാലം നിർമ്മാണത്തോടനുബന്ധിച്ച് ശ്രീ. റോക്കി എന്ന വ്യക്തിയുടെ വീടിനു യാതൊരു കേടുപാടുകളും സംഭവിച്ചിട്ടില്ല. സ്ഥലമേറ്റെടുക്കൽ പ്രാരംഭ നടപടികളാണ് ഇപ്പോൾ സ്വീകരിച്ച് വരുന്നത് സ്ഥലമേറ്റെടുപ്പുമായി ബന്ധപ്പെട്ട് ഭൂമി അളന്നു തിട്ടപ്പെടുത്തിയാൽ മാത്രമേ കൂടുതൽ വിശദാംശങ്ങൾ ലഭ്യമാകൂ. അതിനു ശേഷം മാത്രമേ പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട യോഗം ചേരാൻ സാധിക്കുകയുള്ളൂ. |

സെക്ഷൻ ഓഫീസർ